പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1067

11.07.2011-ൽ
മറുപടിയ്ക്ക്

## പിണ്ടിക്കടവ് തൂക്കുപാലം പുനർനിർമ്മിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ. സി. ജോസഫ്<br>ഗ്രാമ വികസനവും ആസൂത്രണവും<br>സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |
| (എ) പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ എത്ര തൂക്കുപാലങ്ങൾ ഇതുവരെ നിർമ്മിച്ചിട്ടുണ്ടെന്ന് പേര് സഹിതം വിശദമാക്കാമോ; | (എ) പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ ഇതുവരെ തൂക്കുപാലങ്ങൾ നിർമ്മിക്കപ്പെട്ടിട്ടില്ല. |
| (ബി) ഇതിൽ ബേഡഡുക്ക പഞ്ചായത്തിനേയും കോടോംബേളൂർ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന പിണ്ടിക്കടവ് തൂക്കുപാലം ഗതാഗതയോഗ്യമല്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പിണ്ടിക്കടവ് തൂക്കുപാലത്തിന്റെ അറ്റകുറ്റപ്പണികൾ - ക്കായി 2009-10 സാമ്പത്തികവർഷം 14/12/2009 ലെ സ.ഉ(എം.എസ്)48/09/ഗ്രാവിവ സർക്കാർ ഉത്തരവ് അനുസരിച്ച് രണ്ട് ലക്ഷം രൂപ '2551-01-101-08-34 മെയിന്റനസ് ഓഫ് അസറ്റ് എന്ന ശീർഷകത്തിൽ ബേഡഡുക്ക ഗ്രാമ പഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. |
| (സി) മേൽ തൂക്കുപാലം അറ്റകുറ്റപണി നടത്തിയാൽപോലും ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണെന്ന് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) ഇപ്രകാരമുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ഡി) എങ്കിൽ സ്കൂൾ കുട്ടികളടക്കം ഗ്രാമീണർ നടന്നുപോകുന്ന പിണ്ടിക്കടവിൽ പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ തൂക്കുപാലം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ഡി) പശ്ചിമഘട്ട വികസന പദ്ധതി വിഹിതത്തിൽ കൂടുതലായി വരുന്ന തുക ത്രിതല പഞ്ചായത്ത് വഹിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ രണ്ട് ലക്ഷത്തിനുമേൽ ചെലവ് വരുന്ന നടപ്പാലങ്ങൾക്ക് അനുവാദം നൽകാൻ ജില്ലാതല ഏകോപന സമിതിക്ക് അധികാരമുണ്ട്. പുതിയ തൂക്കുപാലം നിർമ്മിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ